# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല — വെങ്ങോല ഗ്രാമപഞ്ചായത്ത് - അനധികൃതമായി വൃദ്ധസദനം പണിതുവെന്ന പരാതി - കെ.പി.ആർ ആക്ട്- 271 എം(2), 271(ഒ) വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന്റെ അന്വേഷണത്തിനായി റഫർ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.2845/2015/തസ്വഭവ തിരുവനന്തപുരം, തീയതി : 17.09.2015.**

---

പരാമർശം : 1. ഇൻഡ്യൻ യൂത്ത് കോൺഗ്രസ് പെരുമ്പാവൂർ നിയോജകമണ്ഡലം പ്രസിഡന്റ് ശ്രീ.ജോജി ജേക്കബ് സമർപ്പിച്ച 19.11.2013-ലെ പരാതി.

2. പഞ്ചായത്ത് ഡയറക്ടറുടെ 08.06.2015-ലെ ജെ6-11739/14 നമ്പർ കത്ത്

## ഉത്തരവ്

വെങ്ങോല ഗ്രാമപഞ്ചായത്ത് 15-ാം വാർഡിൽ പെരുമാനി-ടാങ്ക് സിറ്റി കനാൽ ബണ്ട് റോഡിൽ അയ്യൻ ചിറങ്ങര എന്ന സ്ഥലത്ത്, ഗ്രാമപഞ്ചായത്തിന് യാതൊരുവിധ അവകാശവുമില്ലാത്ത പെരിയാർവാലി പുറമ്പോക്കിൽ 2009-10 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വൃദ്ധസദനം എന്ന പേരിൽ ഒരു കെട്ടിടം പണിതതിൽ, പുറമ്പോക്ക് ഭൂമിയിൽ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ഇത്തരത്തിൽ കെട്ടിടം പണിതത് ദുരുദ്ദേശപരവും അഴിമതിയ്ക്ക് വഴിയൊരുക്കലും ആണെന്നും, ആയതിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കണമെന്നും പരാമർശം(1) പ്രകാരം പരാതി സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ ടി പ്രവൃത്തി ഇപ്പോഴും സ്പിൽ ഓവറായി തുടരുകയാണെന്നും, എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന അന്വേഷണം നടത്തിയതിൽ പരാതി അടിസ്ഥാനരഹിതമാണെന്നും പരാമർശം(2)പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന് അധികാരമില്ലാത്ത സ്ഥലത്ത് ടി സ്ഥലത്തിന്റെ ഉടമസ്ഥതാവകാശം കൈമാറിക്കിട്ടുന്നതിന് മുൻപായി പൊതുപണം വിനിയോഗിച്ച് വൃദ്ധസദനം എന്ന പേരിൽ കെട്ടിടം നിർമ്മിക്കുകയും, പണി പൂർത്തീകരിച്ചിട്ടും കരാറുകാരൻ താക്കോൽ കൈമാറാതെ ടി കെട്ടിടം നശിച്ചുകൊണ്ടിരിക്കുകയാണെന്നും പരാതിയോടൊപ്പം സമർപ്പിച്ചിരുന്ന 2013 നവംബർ 4-ലെ പത്ര വാർത്തയിൽ നിന്നും വ്യക്തമാകുന്നുണ്ട്. മാത്രവുമല്ല ടി പത്ര കട്ടിംഗിലെ ചിത്രത്തിൽ നിന്നും ടി കെട്ടിടത്തിന്റെ പണിപൂർത്തീകരിച്ചതായും വ്യക്തമാകുന്നുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 271 എം(2), 271(ഒ) വകുപ്പുകൾ പ്രകാരം, ഈ വിഷയം തുടരന്വേഷണത്തിനും നടപടികൾക്കുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് റഫർചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി,
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ,
മൂന്നാംനില, സാഫല്യം കോംപ്ലക്സ്,
പാളയം, യൂണിവേഴ്സിറ്റി.പി.ഒ. തിരുവനന്തപുരം - 695034.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, വെങ്ങോല ഗ്രാമപഞ്ചായത്ത്, എറണാകുളം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ